**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3955** **03-03-2023 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതിയും ഫീസും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അവയവദാന പദ്ധതിയായ മൃതസഞ്ജീവനി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചതെന്നും അവയവമാറ്റം നടത്താൻ ആഗ്രഹിക്കുന്നവർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ എന്നുമുള്ള വിവരം നല്കാമോ; | (എ) | മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി 2012-ൽ ആണ് ആരംഭിച്ചത്. മരണാന്തര അവയവദാതാക്കളിൽ നിന്നും അവയവമാറ്റം നടത്താൻ ആഗ്രഹിക്കുന്നവർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. |
| (ബി) | മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാരിൽ നിന്ന് ഉൾപ്പെടെ ഈടാക്കിവരുന്ന ഫീസ് നിരക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | മൃതസഞ്ജീവനി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ട്. എ.പി.എൽ, ബി.പി.എൽ ഭേദമില്ലാതെ വൃക്കയ്ക്ക് 2000 രൂപയും, മറ്റ് അവയവങ്ങളായ കരൾ, ഹൃദയം, പാൻക്രിയാസ്, ചെറുകുടൽ, ശ്വാസകോശം, കൈകൾ എന്നിവയ്ക്ക് 5000 രൂപയുമാണ് ഈടാക്കുന്നത്. |
| (സി) | അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗി അവയവം സ്വീകരിക്കുന്നതിന് മുൻപ് തന്നെ മരണപ്പെടുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കിയിട്ടുള്ള തുക രോഗിയുടെ ബന്ധുക്കൾക്ക് തിരികെ നൽകാറുണ്ടോ; | (സി) | തിരികെ നൽകാറില്ല. |
| (ഡി) | മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ രോഗികളുടെ എണ്ണവും അവർ അപേക്ഷിച്ച വർഷവും അവയവവും തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; | (ഡി) | മൃതസഞ്ജീവനി ആരംഭിച്ചതു മുതൽ നാളിതുവരെ 5042 പേർ വിവിധ അവയവങ്ങൾക്കായി അപേക്ഷിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഇതേ കാലയളവിൽ രജിസ്ട്രേഷൻ ഫീ ഇനത്തിലും മറ്റ് ഫീസിനങ്ങളിലും ആയി മൃതസഞ്ജീവനി മുഖേന പിരിച്ചെടുത്ത ആകെ തുക എത്രയെന്നും ഓരോ വർഷവും പിരിച്ച ഫീസും ഓരോ അവയവത്തിനും പിരിച്ച ഫീസും തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ; | (ഇ) | രജിസ്ട്രേഷൻ ഫീ ഇനത്തിൽ ആകെ 1,28,57,000/- (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) പിരിച്ചെടുത്തിട്ടുണ്ട്. വർഷം, അവയവം എന്നിവ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | അവയവ സ്വീകർത്താക്കളിൽ നിന്നും ഈടാക്കുന്ന ഫീസ് തുക എന്തൊക്കെ ആവശ്യങ്ങൾക്കായാണ് | (എഫ്) | അവയവദാന രജിസ്ട്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും അവയവദാന |

| | | | |
|---|---|---|---|
| | വിനിയോഗിക്കുന്നതെന്നും പ്രസ്തുത തുക ഏതൊക്കെ തരത്തിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നതും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | | ബോധവത്കരണ സെമിനാറുകൾ, വർക് ഷോപ്പുകൾ എന്നിവയ്ക്കും മരണാനന്തര അവയവ ദാതാക്കളുടെ പരിപാലനത്തിനുമാണ് രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുക വിനിയോഗിച്ചിട്ടുള്ളത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവിയും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലും സംയുക്തമായാണ് പ്രസ്തുത തുക കൈകാര്യം ചെയ്യുന്നത്. |
| (ജി) | അവയവ സ്വീകർത്താക്കളിൽ നിന്നും ഫീസ് ഈടാക്കരുത് എന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര നിർദ്ദേശപ്രകാരം അവയവ സ്വീകർത്താക്കളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് നിർത്തിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | അവയവ സ്വീകർത്താക്കളിൽ നിന്നും ഫീസ് ഈടാക്കരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ഔദ്യോഗിക നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇതുവരേയും ലഭിച്ചിട്ടില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്നപക്ഷം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| Year | Kidney | Liver | Heart | Lung | Hand | Pancreas | S.Intastine | Total |
|---|---|---|---|---|---|---|---|---|
| 2012 | ഈ കാലയളവിൽ ഫീസ് സ്വീകരിച്ചിട്ടില്ല | | | | | | | |
| 2013 | 2013 ആറാം മാസം വരെ ഫീസ് സ്വീകരിച്ചിട്ടില്ല. | | | | | | | |
| 2013 | 342000 | 160000 | 10000 | 0 | 0 | 0 | 0 | 512000 |
| 2014 | 650000 | 550000 | 55000 | 0 | 10000 | 15000 | 5000 | 1285000 |
| 2015 | 954000 | 610000 | 30000 | 5000 | 5000 | 10000 | 5000 | 1619000 |
| 2016 | 870000 | 485000 | 60000 | 5000 | 20000 | 30000 | 5000 | 1475000 |
| 2017 | 618000 | 555000 | 75000 | 0 | 25000 | 15000 | 0 | 1288000 |
| 2018 | 660000 | 600000 | 65000 | 5000 | 20000 | 0 | 0 | 1350000 |
| 2019 | 674000 | 475000 | 35000 | 0 | 10000 | 5000 | 0 | 1199000 |
| 2020 | 650000 | 420000 | 40000 | 0 | 0 | 5000 | 5000 | 1120000 |
| 2021 | 730000 | 625000 | 55000 | 5000 | 15000 | 10000 | 0 | 1440000 |
| 2022 | 824000 | 595000 | 85000 | 15000 | 20000 | 25000 | 5000 | 1569000 |
| **Total** | | | | | | | | **12857000** |